# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2259      09.03.2018-ൽ മറുപടിക്ക്

## പട്ടികഗോത്രവർഗക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, വി.കെ. ശശി<br>,, വി.വി. അൻവർ<br>,, ഒ. ആർ. കേളു : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഭക്ഷണപദാർത്ഥം മോഷ്ടിച്ചുവെന്നാക്ഷേപിച്ച് മാനസികാസ്വാസ്ഥ്യമുള്ള ഒരു പട്ടിക ഗോത്രവർഗ യുവാവിനെ മൃഗീയമായി മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, പട്ടികഗോത്രവർഗ ക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കു ന്നതിനും, പൗരാവകാശ സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിനും നടപടി യെടുക്കുമോ; | എ) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും, പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനും വകുപ്പ് പ്രതിജ്ഞാ ബദ്ധമാണ്. പൗരാവകാശ സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കിക്കൊണ്ട്, പട്ടികവർഗ്ഗ സമൂഹത്തിന്റെ പൗരാവകാശങ്ങൾ സംരക്ഷിക്കു ന്നതിനുള്ള നടപടികൾ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പുറമെ പട്ടികജാതി/ പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരവും കർശന നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) | ഇത്തരം പൈശാചികത വിലക്കാൻ ശ്രമിക്കുന്നതിനു പകരം സെൽഫി യെടുക്കാൻ കാട്ടിയ സാംസ്കാരിക വൈകൃതത്തിനു പിന്നിൽ പട്ടികഗോത്ര ക്കാരെ സാമാന്യ മനുഷ്യരായി കാണാൻ കഴിയാത്തതിനാൽ ഗോത്രവർഗ്ഗക്കാരും മറ്റുള്ളവരും തമ്മിൽ സമത്വ ഭാവേന ഇടപഴകാൻ വേണ്ട പരിപാടികൾ ആവിഷ്കരിക്കുമോ; | ബി) | അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ ഇതര ജനസംഖ്യയ്ക്ക് സമാനമായി പട്ടികവർഗ്ഗ ജനസംഖ്യയും ഉള്ള സാഹചര്യത്തിൽ ഇടകലർന്ന സാമൂഹ്യ ജീവിതമാണുള്ളത്.<br>പട്ടികവർഗ്ഗ വികസന ലക്ഷ്യം, പട്ടിക വർഗ്ഗക്കാരെ ആവും വേഗം മുഖ്യധാരാ സമൂഹങ്ങളുടെ വികസന നിലവാരത്തോടൊപ്പം എത്തിക്കുകയെന്നതാണ്. ഈ പ്രക്രിയയിൽ സംസ്കാര സ്വത്വം നഷ്ടപ്പെടാതിരിക്കുവാനുള്ള സുരക്ഷിതത്ത്വബോധം എല്ലാ ഗോത്രവർഗ്ഗ ത്തിനും നൽകാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. മുഖ്യധാരാ സമൂഹവുമായി സഹകരിച്ച് സമശീർഷതയോടെ പ്രവർത്തി ക്കുന്നതിന് പട്ടികവർഗ്ഗ സമൂഹത്തിന്റെ ഇന്നത്തെ തലമുറയെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത്തരം സാമൂഹ്യ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നിരാശ്രയരോ, ഒറ്റപ്പെട്ടു കഴിയുന്നവരോ ആയ പട്ടികഗോത്ര വർഗക്കാർക്ക് പ്രായഭേദമന്യേ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) | നിരാശ്രയരായവർക്കും, ഒറ്റപ്പെട്ടു കഴിയുന്നവരോ ആയ പട്ടിക ഗോത്രവർഗ്ഗക്കാർക്ക് പ്രായഭേദമെന്യേ ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പോഷകാഹാര കുറവ് അനുഭവപ്പെടുന്ന മേഖലകളിലും, കിടപ്പ് രോഗികൾക്കും പോഷകാഹാര കിറ്റും നൽകി വരുന്നു. അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>ഭക്ഷ്യസഹായ പദ്ധതിയിലൂടെയും കമ്മ്യൂണിറ്റി കിച്ചൻ പരിപാടിയിലൂടെയും ഭക്ഷ്യവസ്തുക്കൾ അട്ടപ്പാടി മേഖലയിൽ വിതരണം ചെയ്യുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന മേഖലകളിൽ കിടപ്പു രോഗികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം നടത്തുന്നുണ്ട്.<br>സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പോഷകാഹാര വിതരണ പദ്ധതി, കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന സബല പദ്ധതി, ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ ആരോഗ്യ പദ്ധതികൾ തുടങ്ങിയ ഒട്ടനവധി പദ്ധതികൾ അട്ടപ്പാടി മേഖലയിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br>പട്ടിക വർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി അട്ടപ്പാടിയിൽ ആരംഭിക്കുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതിയിലൂടെ പട്ടികവർഗ്ഗ മേഖലയിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**